# നോമ്പുക്കാലം

## വചന വിചിന്തനം

### ഏഴാം ഞായർ - ഓശാന ഞായർ

മത്താ 21,1-17

***"ഓശാന" എന്ന വാക്കിന്റെ അർത്ഥം***

"ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ..."

***വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും, ചരിത്രങ്ങൾ മാറ്റപ്പെട്ടിട്ടും***

***മാറ്റമില്ലാത്ത പ്രാർത്ഥനയും ഇതു തന്നെ,***

***"ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ..."***

ഞങ്ങളെ രക്ഷിക്കണമേ!
കർത്താവേ,
ഞങ്ങൾ അങ്ങയോട്
അപേക്ഷിക്കുന്നു,
ഞങ്ങൾക്കു വിജയം
നൽകണമേ!
കർത്താവിൻെറ
നാമത്തിൽ വരുന്നവൻ
അനുഗൃഹീതൻ

സങ്കീ 118,26

സുറിയാനി കത്തോലിക്കന്റെ ജീവിതത്തിലെ ഏറ്റവും 'കളർഫുള്ളായ' ദിനം ഏതാണ് എന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേയൊള്ളു, "ഓശാന ഞായർ." അന്ന് നേരത്തെ പള്ളിയിലെത്താനും ഏറ്റവും മുമ്പിൽ ഇരിപ്പിടം സ്വന്തമാക്കാനും വികാരിയച്ചനിൽ നിന്ന് ഏറ്റവും വലിയ കുരുത്തോല സ്വന്തമാക്കാനും സ്വന്തമാക്കിയ കുരുത്തോലയെ കുരിശിനോടൊപ്പം അലംകരിക്കാനും വലിയ തീക്ഷ്ണതയാണ്. അതുകൊണ്ട് തന്നെ ഈ വലിയ തീക്ഷ്ണതയിൽ "ഓശാന ഞായറിന്റെ" ആന്തരീക ചൈതന്യം ചോർന്ന് പോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. 'ഓശാന' എന്ന വാക്കിന്റെ അർത്ഥം 'ദൈവമേ, ഞങ്ങളെ രക്ഷിക്കേണമേ..." എന്നതാണ്. സങ്കീർത്തനങ്ങളുടെ ആകെ തുകയാണ് 'ഓശാന' എന്ന് നിസംശയം പറയാൻ സാധിക്കും. കാരണം, സങ്കീർത്തനങ്ങളെല്ലാം കർത്താവിനുവേണ്ടിയുള്ള നിലവിളിയും കർത്താവിന് വേണ്ടിയുള്ള ദാഹവുമാണ്. "കർത്താവേ, എൻെറ നിലവിളി അങ്ങയുടെ സന്നിധിയിൽ എത്തുമാറാകട്ടെ! അങ്ങയുടെ വാഗ്ദാനമനുസരിച്ച് എന്നെ രക്ഷിക്കണമേ!" (സങ്കീ 119, 169-170).

ഓശാന വിളികളുടെ ആരവങ്ങളിലൂടെ നാം വിശുദ്ധ വാരത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. കർത്താവിന്റെ പീഢാസഹനത്തെയും മരണത്തേയും ഉത്ഥാനത്തെയും ഓർമിച്ചുകൊണ്ട് ജീവിതത്തെ വിശുദ്ധീകരിക്കാൻ ദൈവം ഒരവസരവും കൂടി നൽകിയിരിക്കുന്നു. "ഒരു വിളിക്കപ്പുറം ഞാൻ കാത്തുനിൽക്കുന്നു..." എന്നുള്ള ഓർമ്മപ്പെടുത്തലാണ് ഓശന ഞായർ സമ്മാനിക്കുന്ന നല്ല ചിന്ത. ഒശാന ഞയർ കർത്താവ് ജെറുസലേമിലേയ്ക്ക് രാജകീയമായി പ്രവേശിച്ചതിന്റെ ഓർമ്മതിരുനാളാണ്. പ്രവചനങ്ങളെല്ലാം പൂർത്തീകരിച്ച് കഴുതപുറത്ത് വിനയാന്വിതനായി എഴുന്നുള്ളി വരുന്ന രാജാവിന് വേണ്ടി ജെറുസലേം തെരുവീഥികൾ അണിഞ്ഞൊരുങ്ങിയതുപോലെ, ഒരു വിളിക്കപ്പുറം എന്നേയും കാത്തുനിൽക്കുന്ന ക്രിസ്തുവിനെ സ്വജീവിതത്തിലേയ്ക്കും, സ്വഭവനത്തിലേയ്ക്കും സ്വീകരിക്കാൻ നമുക്കും അണിഞ്ഞൊരുങ്ങാം.

ഹൃദയത്തോട് അലിയിച്ച് ചേർത്ത് അധരത്തിൽ കാത്തുസൂക്ഷിക്കേണ്ട ഏക വാക്ക് ഏതാണെന്ന് ചോദിച്ചാൽ, അത് 'ഓശാന' എന്നുള്ള വാക്കാണ്. ഇതിനുള്ള കാരണം ഒന്നുമാത്രമാണ്, ഓശാന എന്ന വാക്കിന്റെ അർത്ഥഗർഭം തന്നെ. "ഓശാന = ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ..." വിനിയാന്വിതനായ് കഴുതപുറത്ത് വരുന്ന ക്രിസ്തുവിന് ഒരു തെരുവ് മുഴുൻ ഓശാന വിളിക്കുന്നുണ്ടെങ്കിൽ, അത് ഒരു ജനത്തിന്റെ നിലവിളിയാണ്. റോമൻ അടിമത്വത്തിലും അന്ധകാരത്തിലും കഴിഞ്ഞിരുന്ന ജനം പ്രതീക്ഷയോടെ കർത്താവിന്റെ മുമ്പിൽ ഹൃദയം തുറന്നപ്പോൾ ഉണ്ടായ ഗദ്ഗദമാണ് "ഓശാന" എന്ന നിലവിളി. ഈ നിലവിളിക്കുള്ള ഉത്തരമാണ് ക്രിസ്തുവിന്റെ

കുരിശിലുള്ള ബലി. കാരണം, കർത്താവിന്റെ കുരിശിലേയ്ക്കുള്ള യാത്രയും ബലിയും ഓശാന പാടി നിലവിളിച്ച ജനത്തെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേയ്ക്കും അസത്യത്തിൽ നിന്ന സത്യത്തിലേയ്ക്കും മരണത്തിൽ നിന്ന് മരണമില്ലായ്മയിലേയ്ക്കും ആനയിക്കുന്നതിന് വേണ്ടിയാണ്. ചുരുക്കത്തിൽ, ഓശാനപാടി കർത്താവേ, 'ഞങ്ങളെ രക്ഷിക്കേണമേ...' എന്ന് നിലവിളിക്കുന്ന മനുഷ്യകുലത്തെ പാപത്തിൽ നിന്ന് രക്ഷിക്കുവാൻ ക്രിസ്തു കാൽവരിയിൽ ബലിയായ് തീരുന്നു.

"കർത്താവു മർദിതരുടെ ശക്തിദുർഗമാണ്; കഷ്ടകാലത്ത് അവരുടെ അഭയസ്ഥാനവും. അങ്ങയുടെ നാമമറിയുന്നവർ അങ്ങിൽ വിശ്വാസമർപ്പിക്കുന്നു; കർത്താവേ, അങ്ങയെ അന്വേഷിച്ചവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല" (സങ്കീ 9,9-10).

ഓശാന എന്ന വാക്കിനർത്ഥം കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ... ഇസ്രായേൽ ജനത്തിന്റെ അധരങ്ങളിൽ അലിഞ്ഞ് ഹൃദയത്തിൽ ചേർത്തുവയ്ക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനയാണ് ഇതെങ്കിൽ, ഇതു നൽകുന്ന മറ്റൊരു ചിന്തയുണ്ട്, "ഇന്ന് നാം അഭയം തേടുന്നത് ആരിലാണ്? രക്ഷയുടെ അഭയശിലയായി നാം ക്രിസ്തുവിനെ മാറ്റിയെടുക്കുന്നുണ്ടോ?" പലപ്പോഴും, രക്ഷ സമ്മാനിക്കാൻ കഴിവുള്ളവനിൽ നിന്ന് രക്ഷ സ്വന്തമാക്കാതെ മറ്റ് പലരിലും പലതിലും രക്ഷ തേടുന്നവരാണ് നാം. വചനം ഓർമ്മപ്പെടുത്തുന്നു, "കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സീയോൻപർവതം പോലെയാണ്" (സങ്കീ 125,1).

ക്രിസ്തുവിന്റെ രാജകീയ പ്രവേശനത്തിൽ ക്രിസ്തു ഒളിപ്പിച്ചുവച്ച രണ്ട് പ്രതീകങ്ങൾ, കഴുതയും, ഒലിവില ചില്ലയും. ഇതു രണ്ടും സമാധാനത്തിന്റെ പ്രീകമാണ്. ഒപ്പം, ക്രിസ്തുവിന്റെ പര്യായവും!

ഒരു കപ്പൽ കാറ്റിലും കോളിലും പെട്ട് തകർന്നു. അതിൽ രക്ഷപ്പെട്ടത് ഒരാൾ മാത്രം. അബോധാവസ്ഥയിൽ അയാൾ എത്തിപ്പെട്ടതാകട്ടെ വിജനമായ ഒരു ദ്വീപിലും. കൂട്ടിന് ആളില്ലാതെ ഏകനായ് ദ്വീപിൽ അകപ്പെട്ട ആ മനുഷ്യൻ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. എന്നാൽ സർവശക്തനായ ദൈവത്തിൽ ഉള്ള വിശ്വാസം അയാൾ കൈവിട്ടില്ല. അയ്യാളുടെ അധരങ്ങളിൽ അലിഞ്ഞ് ചേർന്ന പ്രാർത്ഥന ഒന്നു മാത്രം, "ദൈവമേ, രക്ഷിക്കണമേ..."

തന്നെ രക്ഷിക്കണമെന്ന് മനമുരുകി അയാൾ ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു...

ദിവസവും തന്നെ രക്ഷിക്കാൻ വരുന്ന കപ്പലും കാത്ത് അയാൾ ചക്രവാളത്തിൽ കണ്ണും നട്ടിരിക്കും. ഇങ്ങനെ ദിവസങ്ങൾ എത്രയോ കടന്നുപോയി. പക്ഷേ, ആരും വന്നില്ല. എന്നാൽ, അയാൾ പ്രതീക്ഷ കൈവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദ്വീപിൽ അങ്ങിങ്ങായി കിടന്നിരുന്ന മരക്കഷ്ണങ്ങൾ ശേഖരിച്ച് അയാൾ ഒരു കുടിൽ പണിതു.

ഒരു ദിവസം, ഭക്ഷണത്തിന് വേണ്ടി അലഞ്ഞുതിരിഞ്ഞ് തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച അയാളെ നടുക്കിക്കളഞ്ഞു... തന്റെ കുടിൽ കത്തിനശിച്ചിരിക്കുന്നു. തന്റേതായി ആകെയുണ്ടായിരുന്ന വസ്തുക്കളും നഷ്ടപ്പെട്ടിരിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ അയാൾ തല കുമ്പിട്ട് കരയാൻ തുടങ്ങി.

"എന്റെ രക്ഷിതാവേ , നീ എന്തിനാണ് എന്നെ ഇങ്ങനെ പരീക്ഷിക്കുന്നത്."

അയാൾ ആർത്തുവിളിച്ചു... കരഞ്ഞു കരഞ്ഞ് അയാൾ തളർന്നുറങ്ങി.. എന്നാൽ പിറ്റേന്ന് പ്രഭാതത്തിൽ ഒരു വലിയ ശബ്ദം കേട്ടാണ് അയാൾ ഞെട്ടിയുണർന്നത്. അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ഒരു കൂറ്റൻ യാത്രാക്കപ്പൽ ദ്വീപിനെ ലക്ഷ്യം വെച്ച് വരുന്നു... സന്തോഷത്താൽ അയാൾ കരഞ്ഞുപോയി...

കപ്പലിൽ പ്രവേശിച്ചപ്പോൾ നാവികരോടായി അയാൾ ചോദിച്ചു;

"നിങ്ങൾക്ക് എങ്ങനെ ദ്വീപിൽ ഒരാൾ അകപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലായി?"

അപ്പോൾ അവർ പറഞ്ഞു:

" ദ്വീപിൽ നിന്ന് പുക ഉയരുന്നത് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടു. അപ്പോൾ മനുഷ്യർ ആരെങ്കിലും അവിടെ അകപ്പെട്ടിരിക്കാം എന്ന് ഞങ്ങൾ ഊഹിച്ചു..."

ഇതുകേട്ട അയാൾ പൊട്ടി കരഞ്ഞുകൊണ്ട് നാഥനോട് തന്നെ സഹായിച്ച വഴിയോർത്ത് ആശ്ചര്യപ്പെട്ടു. നാഥനോട് വീണ്ടും വീണ്ടും നന്ദി പറഞ്ഞു...

വചനം ഓർമ്മപ്പെടുത്തുന്നു;

"പർവ്വതങ്ങളിലേയ്ക്ക് ഞാൻ കണ്ണുകളുയർത്തി, എനിക്ക് സഹായം എവിടെ നിന്നു വരും? എനിക്ക് സഹായം കർത്താവിൽ നിന്നും വരുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്നു" (സങ്കീ 12,1-2).

പ്രതിസന്ധികൾ പ്രലോഭനങ്ങൾ മാത്രമാണ്. അവയെ അതിജീവിക്കുന്നവർ കർത്താവിനോടൊത്ത് പറുദീസയിൽ നിത്യവിരുന്ന് അനുഭവിക്കും. എതു പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും കർത്താവിന്റെ സന്നിധിയിലേയ്ക്ക് തിരിയാനും കർത്താവിനെ അഭയശിലയാക്കാനും സാധിക്കണം. കാരണം, സങ്കീർത്തകൻ പറഞ്ഞു വയ്ക്കുന്നുണ്ട്, "നിൻെറ കാൽ വഴുതാൻ അവിടുന്നുസമ്മതിക്കുകയില്ല; നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. ഇസ്രായേലിൻെറ പരിപാലകൻമയങ്ങുകയില്ല; ഉറങ്ങുകയുമില്ല. കർത്താവാണു നിൻെറ കാവൽക്കാരൻ; നിനക്കു തണലേകാൻ അവിടുന്നുനിൻെറ വലത്തുഭാഗത്തുണ്ട്. പകൽ സൂര്യനോ രാത്രി ചന്ദ്രനോനിന്നെ ഉപദ്രവിക്കുകയില്ല. സകല തിൻമകളിലുംനിന്നു കർത്താവ്നിന്നെ കാത്തുകൊള്ളും; അവിടുന്നു നിൻെറ ജീവൻ സംരക്ഷിക്കും" (സങ്കീ 121, 3-7).

ഓശാന ഞായറിന്റെ ഏറ്റവും വലിയ ആകർഷണം 'കുരുത്തോല' തന്നെയാണ്. ഏറെ നീട്ടമുള്ള കുരുത്തോല വികാരിയച്ചനിൽ നിന്ന് സ്വന്തമാക്കാനും, അതിന്റെ അറ്റത്ത് കുരിശുണ്ടാക്കാനും, ഇലകൾ കീറി മനോഹരമായി അലങ്കരിക്കാനും നമ്മുക്കെന്നും വലിയ താത്പര്യമാണ്. പക്ഷെ, കുരുത്തോല ഓർമ്മപ്പെടുത്തുന്ന ചിന്ത വലിയ ബോധ്യമായി മാറ്റപ്പെടുത്തണം. എറെ ആകർഷകമായ, സുന്ദരമായ, മൃദുവായ കുരുത്തോലെ കുറച്ച് ദിവസങ്ങൾക്കുളിൽ തന്നെ ചുക്കിചുരുണ്ട്, ഭംഗിഹീനമായി, കഠിനമായി മാറ്റപ്പെടുന്നു. മനുഷ്യപ്രകൃതിയും ഇതിൽ നിന്ന് വിഭിന്നമല്ല. മനുഷ്യൻ സമ്മാനിക്കുന്ന നല്ല വാക്കുകളുടെയും, സ്തുതി കീർത്തനങ്ങളുടെയും, പ്രശംസകളുടെയും ആയുസ് അൽപ്പം മാത്രമാണുള്ളത്. ഇന്നലെ ചിരിച്ച് കാണിച്ചവർ നാളെ മുഖം തിരിച്ച് കളഞ്ഞേക്കാം. ഇന്നലെ പ്രോത്സാഹിപ്പിച്ചവർ നാളെ നിന്ദിച്ചേക്കാം. ക്രിസ്തുവിന്റെ ജീവിതം കാണിച്ച് തരുന്നതും ഇതു തന്നെയാണ്. "ഓശാന" പാടി എതിരേറ്റവർ നേരത്തോട് നേരം കഴിയുന്നതിന് മുമ്പ് "അവനെ ക്രൂശിക്കുക" എന്ന് വിളിച്ച് പറയുന്നു... ക്രിസ്തുവിൽ നിന്ന് അൽഭുതങ്ങൾ സ്വന്തമാക്കിയവരും, അവയുടെ ഫലമനുഭവിച്ചവരും അവന്റെ വേദനയിൽ അവനെ ആശ്വസിപ്പിക്കാൻ അടുത്തെത്തുന്നില്ല!

ക്രിസ്തു
ദേവാലയം
വിശുദ്ധമാക്കുന്നു!
പൗലോസ്ശ്ലീഹ പറഞ്ഞ്
വയ്ക്കുന്നു;
"ദൈവത്തിൻെറ
ആലയം പരിശുദ്ധമാണ്.
ആ ആലയം നിങ്ങൾ തന്നെ.
ദൈവത്തിൻെറ ആലയം
നശിപ്പിക്കുന്നവനെ
ദൈവവും നശിപ്പിക്കും."
1കോറി 3,17

*"കഴുതപ്പുറത്ത് വരുന്ന രാജാവ് സമാധാന പ്രിയനാണ്;*
*കുതിരപ്പുറത്ത് വരുന്ന രാജാവ് യുദ്ധവീരനും!*
*പക്ഷെ, സമാധാനപ്രിയന്റെ രാജ്യമാണ്*
*എന്നും നിലനിൽക്കുക..."*



ഫാ. ജോബി മേനോത്ത് : +91 944 7777 931